Nidas

NISH Online Interactive Disability Awareness Seminar- 35

Vocational Paper (VOC)

**"കുഷ്ഠരോഗം: അറിഞ്ഞിരിക്കേണ്ട വസ്തുതകൾ"** **15 ഡിസംബർ 2018**

കേന്ദ്ര സർക്കാറിന്റെ ആരോഗ്യ-കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള പദ്ധതിയാണ് ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി. 2005 ൽ ഇൻഡ്യയിൽ കുഷ്ഠരോഗ നിവാരണം പ്രഖ്യാപിച്ചെങ്കിലും ലോകത്തെ കുഷ്ഠരോഗം ബാധിച്ചവരിൽ ഭൂരിഭാഗവും ഇൻഡ്യയിലാണുള്ളത്. കൂടാതെ ഈയിടെയായി കേരളത്തിൽ കാണപ്പെടുന്ന കുഷ്ഠരോഗം ബാധിച്ച കുഞ്ഞുങ്ങളുടെ എണ്ണത്തിലെ വർദ്ധനവും കുഷ്ഠരോഗത്തെ കുറിച്ചുള്ള അജ്ഞതയിലേക്കും തെറ്റിദ്ധാരണയിലേക്കുമാണ് വിരൽ ചൂണ്ടുന്നത്.

**കുഷ്ഠരോഗം:**

മനുഷ്യരിൽ മാത്രം കാണപ്പെടുന്ന ഒരു രോഗമാണിത്. ട്യൂബർകുളോസിസ് പരത്തുന്ന മൈക്കോബാക്ടീരിയം ട്യൂബർകുളോസിസ് എന്ന രോഗാണു പോലെയുള്ള മൈക്കോബാക്ടീരിയം ലെപ്രെ എന്ന രോഗാണുവാണ് ഈ രോഗത്തിനു കാരണം. ഇതു വായുവിലൂടെ പരക്കുകയും പ്രതിരോധശേഷി കുറഞ്ഞവരിൽ മാത്രം കാണപ്പെടുകയും ചെയ്യുന്നു. 3 മുതൽ 5 വർഷം വരെ നീണ്ടു നിൽക്കുന്ന ഇൻക്യുബേഷൻ പീരിയഡും മനുഷ്യരിൽ മാത്രം കാണപ്പെടുന്നതു കാരണവും കുഷ്ഠരോഗത്തിനു കുത്തിവയ്പ്പുകളൊന്നും കണ്ടെത്തിയിട്ടില്ല.

കുഷ്ഠരോഗം നാഡികളെ ബാധിക്കുമ്പോൾ ചൂടിനോടും തണുപ്പിനോടും വേദനയോടും ഉണ്ടാകുന്ന പ്രതികരണമില്ലായ്മ പലപ്പോഴും അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇതു പിന്നീട് വൈകല്യങ്ങളിലേക്ക് എത്തുകയും അപ്പോൾ മാത്രം ചികിത്സ സ്വീകരിക്കുന്ന അവസ്ഥയുണ്ടാകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളിലെ കുഷ്ഠരോഗ ബാധിതരുടെ എണ്ണത്തിലെ വർദ്ധനവ് പ്രധാനമായും ഇത്തരം അവഗണന കാരണമാണുണ്ടാകുന്നത്.

**കുഷ്ഠരോഗം: രണ്ടു തരം**

- പോസിബാസിലറി ലെപ്രസി (അൽപ്പ രോഗാണു ഉള്ള തരം)

ഒരു ഞരമ്പിനെ മാത്രം ബാധിക്കുകയും ശരീരത്തിൽ 1 മുതൽ 5 വരെ പാടുകൾ കാണപ്പെടുകയും ചെയ്യുന്ന അവസ്ഥ.

- മൾട്ടിബാസിലറി ലെപ്രസി (അധിക രോഗാണു ഉള്ള തരം)

ഒന്നിൽ കൂടുതൽ ഞരമ്പുകളെ ബാധിക്കുകയും ശരീരത്തിൽ 6ൽ കൂടുതൽ പാടുകൾ കാണപ്പെടുകയും ചെയ്യുന്ന അവസ്ഥ. മൾട്ടിബാസിലറി ലെപ്രസി, ദേശീയ തലത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ കേരളത്തിൽ കാണപ്പെടുന്നു.

**ലക്ഷണങ്ങൾ**

കുഷ്ഠരോഗം ത്വക്കിനേയും നാഡികളെയുമാണ് ബാധിക്കുന്നതു. ത്വക്കിനെ ബാധിക്കുമ്പോൾ സ്പർശനശേഷി കുറഞ്ഞതോ ഇല്ലാത്തതോ ആയ നിറം മങ്ങിയ അല്ലെങ്കിൽ ചുവന്ന പാടുകളല്ലാതെ മറ്റു ശാരീരിക ബുദ്ധിമുട്ടുകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ഇത് ശ്രദ്ധിക്കപ്പെടാതെ പോകുന്നു. നാഡികളെ ബാധിക്കുമ്പോൾ കൈകാലുകളിൽ ഉണ്ടാകുന്ന മരവിപ്പാണ് ആരംഭലക്ഷണം. തുടക്കത്തിലേ കണ്ടുപിടിച്ച് ചികിൽസിച്ചില്ലെങ്കിൽ വൈകല്യങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. തരുണാസ്ഥികളെ ബാധിക്കുന്നതു ചികിത്സ ആരംഭിക്കാൻ വളരെ വൈകുമ്പോഴാണ്.

**പരിപാലനവും സംരക്ഷണവും**

- പൊള്ളലുകൾ ഏൽക്കാതെ ശ്രദ്ധിക്കുക
- മുറിവുകളുണ്ടാകാതെ സൂക്ഷിക്കുക
- നാഡികളെ ബാധിച്ചിട്ടുണ്ടെങ്കിൽ എം.സി.ആർ. (മൾട്ടി സെല്ലുലാർ റബ്ബർ) ചെരുപ്പ് ഉപയോഗിക്കുക
- സർക്കാർ ആശുപത്രികളിൽ ലഭ്യമായിട്ടുള്ള സെൽഫ് കെയർ കിറ്റുകൾ ഉപയോഗിച്ച് വ്രണങ്ങൾ പരിപാലിക്കുക

**കുഷ്ഠരോഗ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ**

- പി.എച്ച്.സി. മുതൽ ജനറൽ ആശുപത്രികൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളും
- മറ്റു സ്വകാര്യ ആശുപത്രികൾ
- ഈ രംഗത്ത് സെന്റ്. ജോൺസ് ഹെൽത്ത് സർവീസസിന്റെ സംഭാവന വളരെ അഭിനന്ദനാർഹമാണ്

**പദ്ധതികൾ**

- ഒരു ലക്ഷം രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ള കുഷ്ഠരോഗ ബാധിതർക്ക് ചികിത്സാകാലയളവിൽ സർക്കാർ ധനസഹായം നൽകുന്നു. പോസിബാസിലറി ലെപ്രസി ഉള്ളവർക്ക് ചികിത്സാ കാലയളവിൽ അതായത് 6 മാസത്തേക്ക് 6000 രൂപയും മൾട്ടിബാസിലറി ലെപ്രസി ഉള്ളവർക്ക് 12000 രൂപയും സർക്കാർ നൽകുന്നു.
- റികൺസ്ട്രക്ടീവ് ശസ്ത്രക്രിയക്കു വിധേയമാകുന്നവർക്ക് ആശുപത്രിവാസവും ആഹാരവും ചികിത്സയും സൗജന്യമായി നൽകുന്നതോടൊപ്പം 8000 രൂപ കേന്ദ്ര സർക്കാരിന്റെ ധനസഹായവും ലഭിക്കുന്നു.
- അംഗവൈകല്യം 40% ത്തിൽ കൂടുതൽ ഉണ്ടെങ്കിൽ ഡിസബിലിറ്റി സർട്ടിഫിക്കറ്റിനു അർഹരാണ്

**അശ്വമേധം എൽ.സി.ഡി.സി. (കുഷ്ഠരോഗ നിർണ്ണയ പ്രചരണ പരിപാടി)**

- സമൂഹത്തിൽ മറഞ്ഞു കിടക്കുന്ന കുഷ്ഠരോഗ ബാധിതരെ കണ്ടു പിടിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും അവർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായുള്ള സർക്കാരിന്റെ പദ്ധതി.
- കേരളത്തിൽ 8 ജില്ലകൾ തിരഞ്ഞെടുത്തിരിക്കുന്നു. (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ്)

എന്നാൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പവും സന്നദ്ധ സേവകരോടൊപ്പവും സമൂഹത്തിന്റെ പിന്തുണയും സഹായവും ഉണ്ടെങ്കിൽ മാത്രമേ ഈ ക്യാംപയിൻ വിജയത്തിലെത്തിക്കാൻ സാധിക്കുകയുള്ളൂ.